# കേരളസർവകലാശാല

നം.പി.ആർ.128/2023 തിരുവനന്തപുരം, തീയതി:26/06/2023

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി രജിസ്ട്രേഷൻ – ഓൺലൈൻ അപേക്ഷ

കേരളസർവകലാശാലയുടെ 2023 ജൂലൈ സെഷൻ പി.എച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ 2023 ജൂലൈ 1 മുതൽ 15 വരെ റിസർച്ച് പോർട്ടൽ (www.research.keralauniversity.ac.in) മുഖേന ഓൺലൈനായി അപേക്ഷിക്കാം. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും സഹിതം 2023 ജൂലൈ 16 ന് 5 മണിക്ക് മുൻപായി കേരളസർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ) ജൂലൈ 2023 ഡിഗ്രി പരീക്ഷ ജൂലൈ 18 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ (ത്രിവത്സര) എൽ.എൽ.ബി., എട്ടാം സെമസ്റ്റർ (പഞ്ചവത്സര) എൽ.എൽ.ബി., ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ (ത്രിവത്സര) എൽ.എൽ.ബി., ആറാം സെമസ്റ്റർ (പഞ്ചവത്സര) എൽ.എൽ.ബി., മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ (ത്രിവത്സര) എൽ.എൽ.ബി., ഏഴാം സെമസ്റ്റർ (പഞ്ചവത്സര) എൽ.എൽ.ബി. (പ്രയർ ടു 2011 - 2012 അഡ്മിഷൻ – സെമസ്റ്റർ സിസ്റ്റം), മേഴ്സിചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ ജൂലൈ 15 ന് മുൻപായി ഓഫ്ലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ് തീയതി നീട്ടി

കേരളസർവകലാശാല നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എം.സി.ജെ./എം.എസ്.ഡബ്ല്യൂ./എം.എ.എച്ച്.ആർ.എം. (റെഗുലർ & സപ്ലിമെന്ററി) വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ 2023 ജൂൺ 30 വരെ നീട്ടിയിരിക്കുന്നു. പിഴകൂടാതെ ജൂൺ 30 വരെയും 150 രൂപ പിഴയോടെ ജൂലൈ 1 വരെയും 400 രൂപ പിഴയോടെ ജൂലൈ 3 വരെയും

www.slcm.keralauniversity.ac.in മുഖേന അപേക്ഷിക്കാവുന്നതാണ്. 2020 അഡ്മിഷൻ വിദ്യാർത്ഥികൾ exams.keralauniversity.ac.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രോഗ്രാം (റെഗുലർ 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2020 അഡ്മിഷൻ) ജൂലൈ 2023 ഡിഗ്രി പരീക്ഷകളുടെ രജിസ്ട്രേഷൻ തീയതി നീട്ടിയിരിക്കുന്നു. പിഴകൂടാതെ ജൂൺ 28 വരെയും 150 രൂപ പിഴയോടെ ജൂലൈ 2 വരെയും 400 രൂപ പിഴയോടെ ജൂലൈ 5 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (159) പരീക്ഷയുടെയും 2022 ആഗസ്റ്റിൽ നടത്തിയ പാർട്ട് III ബി.കോം. (ആന്വൽ) പരീക്ഷയുടെയും സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 ജൂൺ 27 മുതൽ ജൂലൈ 1 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**